ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഗിരിവർഗ്ഗക്കാരുടെ കാര്യങ്ങളെപ്പറ്റി അന്വേഷിക്കുന്നതിന് ഒരു കമ്മിറ്റി നിലവിലുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ആ കമ്മിറ്റി ഗിരിവർഗ്ഗക്കാരുടെ ആവശ്യങ്ങളെ പരിശോധിച്ച് എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. എ. ജെ. ജോൺ : ഈ അടുത്ത കാലത്താണ് കമ്മിറ്റിയെ നിയമിച്ചത്.

ശ്രീ. യു. നീലകണ്ഠൻ : ഈ കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണ് ?

Mr. SPEAKER : Your may put a separate question.

പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ നിയമനം.

* 529. [27] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) 1952 മുതൽ 1955 മേയ് വരെ പബ്ലിക് സർവ്വീസ് കമ്മീഷൻ എത്ര പ്രൈമറി സ്കൂൾ അദ്ധ്യാപകരെ റിക്രൂട്ടുചെയ്തിട്ടുണ്ട് ;

(ബി) ഓരോ ഡിസ്ട്രിക്റ്റിൽനിന്നും എത്രവീതം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 1952-53- 1157 പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരെയും 1953-54-ൽ 1411 അദ്ധ്യാപകന്മാരെയും, 1954-55-ൽ 1050 അദ്ധ്യാപകന്മാരെയും റിക്രൂട്ടുചെയ്തിട്ടുണ്ട്.

(ബി) ഡിസ്ട്രിക്റ്റ് വാർ സ്റ്റേറ്റുമെന്റ് തയ്യാറാക്കുന്ന പതിവില്ലാത്തതുകൊണ്ട് ഓരോ ഡിസ്ട്രിക്റ്റിൽനിന്നും എത്രപേരെ റിക്രൂട്ടുചെയ്തുവെന്നതിന് ഉത്തരം നൽകാൻ സാധിക്കുന്നില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : രണ്ടു മൂന്നു വർഷമായി പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഇൻറർവ്യൂ നടത്തിയിട്ടും റിക്രൂട്ടുചെയ്യാത്ത അപേക്ഷകർ ഉണ്ടെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടാകാം.

ശ്രീ. പി. ഗോപാലൻ : സി. ഐ. ഡി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിക്രൂട്ടുചെയ്യാതിരുന്നിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റിക്രൂട്ട് ചെയ്യുന്നുണ്ട്. അതിനെ റിക്രൂട്ടു ചെയ്യുന്നവരെ എല്ലാം നിയമിക്കുന്ന പതിവില്ല. വളരെ അപൂർവ്വം ചിലരെ അവരുടെ നിയമനം സ്റ്റേറ്റിന്റെ താൽപര്യങ്ങൾക്ക് നല്ലതല്ലെന്ന് തോന്നി നിയമിക്കാതിരുന്നിട്ടുമുണ്ട്.

ശ്രീ. പി. ഗോപാലൻ : സി. ഐ. ഡി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമിക്കാതിരുന്നിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിന്റെ അടിസ്ഥാനത്തിലല്ല; പക്ഷെ അങ്ങിനെയും ഉണ്ടാകാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഈ നിയമനങ്ങളുടെ ഒരു കാസ്റ്റ് വാർ സ്റ്റേറ്റുമെൻറ് പ്രസ്ഥാവിക്കുമായിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പിന്നാക്ക സമുദായങ്ങളുടെ ലിസ്റ്റ് ഉണ്ടാകും.

ശ്രീ. എൻ. ജി. ചാക്കോ : പബ്ലിക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുക്കാത്തവരെ, തെരഞ്ഞെടുത്തിട്ടില്ലെന്നു് പ്രത്യേകം അറിയിക്കാത്തതു് എന്തുകൊണ്ടാണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. ടി. എ. മജീദ് : ഇൻറർവ്യൂ കഴിഞ്ഞിട്ടും നിയമനം നടത്താത്തതു് വേക്കൻസി ഇല്ലാഞ്ഞിട്ടാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇൻറർവ്യൂ കഴിഞ്ഞാൽ സെലക്ഷൻ നടക്കും.

ശ്രീ. എം. വി. ചെറിയാൻ : വെയിറ്റിംഗ് ലിസ്റ്റിൽ ധാരാളം പേർ ഉണ്ടായിരുന്നിട്ടും പിന്നെയും ഇൻറർവ്യൂ നടത്തുന്നതു് എന്തിനാണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ഉള്ളതായി എനിക്കറിവില്ല.

ശ്രീ. എം. വി. ചെറിയാൻ : അങ്ങിനെ ഉണ്ടെങ്കിൽ അതിനെ നല്ലിഫൈ ചെയ്യുകയോ അല്ലെങ്കിൽ പരീക്ഷ തുടരാൻ അനുവദിക്കുകയോ ചെയ്യുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

എൻ. ഇ. എസ്സ്. ബ്ലോക്കുകൾ.

*530. [30] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ പുതുതായി എത്ര എൻ. ഇ. എസ്സ്. ബ്ലോക്കുകൾ സംസ്ഥാനത്തിനു് കേന്ദ്രം അനുവദിച്ചിട്ടുണ്ടു് ;

(ബി) അവയുടെ സ്ഥലനിർണ്ണയം നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഈ ചോദ്യത്തിനു് മുമ്പു് ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

ശ്രീ. പി. കെ. യശോധരൻ : എനിക്കു് അതു സംബന്ധിച്ചു് ഒരു കാര്യം അറിയാനുണ്ടു്. ഇപ്പോൾ പുതുതായി അനുവദിച്ചിട്ടുള്ള ബ്ലോക്കുകൾ മറ്റു ബ്ലോക്കുകളോടു ചേർന്നു കിടക്കുന്നതാണോ എന്നറിയണം ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

ശ്രീ. പി. കെ. യശോധരൻ : ഇപ്പോൾ 5 ബ്ലോക്കാണു് പുതുതായി അനുവദിച്ചിട്ടുള്ളതു്. ഇങ്ങനെയാണെങ്കിൽ 5 വർഷംകൊണ്ടു് 100 ബ്ലോക്കുകൾ എങ്ങിനെയാണു് തീരുക്കുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly